**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1891** **09-12-2022 - ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മീഷനിൽ ലഭിച്ച പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷക കടാശ്വാസ കമ്മീഷൻ അവസാനമായി പരാതി സ്വീകരിച്ച 2020 മാർച്ച് 31 വരെ കമ്മീഷനിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും എത്ര പരാതികളിൽ നടപടി പൂർത്തീകരിച്ച് ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്നും എത്ര പരാതികളിന്മേൽ നടപടി സ്വീകരിക്കാനുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | 2020 മാർച്ച് 31 വരെ ആകെ 6,27,930 അപേക്ഷകൾ കടാശ്വാസത്തിന് പരിഗണിച്ചതിൽ 5,30,348 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ കേസുകൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ട്. മറ്റ് 7 ജില്ലകളിലായി 97,582 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. പ്രസ്തുത അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ഇതിനോടകം തന്നെ 34,90,03,549/- രൂപ കടാശ്വാസമായി വിതരണം ചെയ്തിട്ടുണ്ട്. ഇത് ബഡ്ജറ്റ് വിഹിതത്തിനുപുറമെ 16 കോടി രൂപ അധിക ധനാനുമതിയായി കൂടി ലഭ്യമാക്കിയതാണ്. ഫണ്ട് ലഭ്യമാക്കി ബാക്കിയുള്ള കടാശ്വാസ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | നടപടി സ്വീകരിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; മുഴുവൻ അപേക്ഷകളും എത്രയും വേഗം തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | 2020 മാർച്ച് 31 വരെ ആകെ 6,27,930 അപേക്ഷകൾ കടാശ്വാസത്തിന് പരിഗണിച്ചതിൽ 5,30,348 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ കേസുകൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ട്. മറ്റ് 7 ജില്ലകളിലായി 97,582 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. പ്രസ്തുത അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ഇതിനോടകം തന്നെ 34,90,03,549/- രൂപ കടാശ്വാസമായി വിതരണം ചെയ്തിട്ടുണ്ട്. ഇത് ബഡ്ജറ്റ് വിഹിതത്തിനുപുറമെ 16 കോടി രൂപ അധിക ധനാനുമതിയായി കൂടി ലഭ്യമാക്കിയതാണ്. ഫണ്ട് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കി ബാക്കിയുള്ള കടാശ്വാസ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ